**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 132** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>സർവകലാശാലകളുടെ ഭരണനിർവ്വഹണം ഏകോപിപ്പിക്കുന്നതിന് സമിതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. പഴകുളം മധു

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എ. ഡി. തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ സർവകലാശാലകളുടെ ഭരണനിർവ്വഹണം ഏകോപിപ്പിക്കുന്നതിന് ഒരു പരമോന്നത സമിതി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; എന്താണ് പ്രസ്തുത സമിതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഇല്ല.

**(ബി)** ഏകീകൃതമായ യു.ജി.സി. മാനദണ്ഡങ്ങൾ പിന്തുടരുമ്പോഴും പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, പ്രവേശനം, കോഴ്സുകളുടെ എലിജിബിലിറ്റി, തുല്യത തുടങ്ങിയ വിവിധ വിഷയങ്ങളിൽ കേരളത്തിലെ സർവകലാശാലകൾ തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലം വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഭരണപരമായും അക്കാഡമികമായും സർവകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. ആയതിനാൽ പരീക്ഷാനടത്തിപ്പ്, മൂല്യനിർണയം, പ്രവേശനം, കോഴ്സുകളുടെ എലിജിബിലിറ്റി, തുല്യത തുടങ്ങിയ വിവിധ വിഷയങ്ങളിൽ കേരളത്തിലെ സർവകലാശാലകൾ തമ്മിൽ വ്യത്യാസമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം വിഷയങ്ങൾ പരമാവധി വിദ്യാർത്ഥി സൗഹൃദമാക്കുവാൻ വേണ്ടി നടപടികൾ സർവകലാശാലകൾ കൈക്കൊള്ളുന്നുണ്ട്.

**(സി)** സംസ്ഥാനത്ത് യു.ജി.സി. അംഗീകാരമില്ലാത്ത കോഴ്സുകളോ സ്ഥാപനങ്ങളോ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**